**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3124 10.05.2017- ൽ മറുപടിയ്ക്ക്

## തൃശ്ശൂർ ജില്ലയിലെ വൃദ്ധസദനം

ചോദ്യം
ശ്രീ.യു.ആർ.പ്രദീപ്

ഉത്തരം
ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ
(ബഹു.ആരോഗ്യവും
സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സാമൂഹ്യനീതി വകുപ്പിന് കീഴിൽ തൃശ്ശൂർ ജില്ലയിൽ എവിടെയൊക്കെയാണ് സർക്കാർ വൃദ്ധ സദനം പ്രവർത്തിയ്ക്കുന്നത്; അതിന്റെ മേൽവിലാസം വ്യക്തമാക്കാമോ; | (എ) | തൃശ്ശൂർ ജില്ലയിൽ രാമവർമ്മപുരത്താണ് സർക്കാർ വൃദ്ധസദനം പ്രവർത്തിയ്ക്കുന്നത്. മേൽവിലാസം ചുവടെ ചേർക്കുന്നു.<br>സർക്കാർ വൃദ്ധമന്ദിരം,<br>രാമവർമ്മപുരം.പി.ഒ.<br>തൃശ്ശൂർ, പിൻകോഡ് 680 631<br>ഫോൺ നമ്പർ 04872693734 |
| (ബി) | വൃദ്ധസദനത്തിൽ പ്രവേശനം ലഭിയ്ക്കുന്നതിനുള്ള മാനദണ്ഡങ്ങളും നിബന്ധനകളും എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ? | (ബി) | ആരാലും സംരക്ഷിക്കാനില്ലാതെ നിരാലംബരായ വയോജനങ്ങളാണ് സർക്കാർ വൃദ്ധസദനങ്ങളിൽ താമസക്കാരായി വരുന്നത്. ഇവരിൽ പലരും സന്നദ്ധ സംഘടനകളിലൂടെയും പൊതുപ്രവർത്തകരുടെയും സഹായത്തോടെയാണ് എത്തുന്നത്. ചുരുക്കം ചിലർ സ്വമേധയാതന്നെ താമസക്കാരായി എത്തുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | ഇവർക്ക് വരുമാനപരിധി ബാധകമല്ല. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ/ പട്ടികജാതി പട്ടികവർഗ്ഗക്കാർ/ വിധവകൾ/ വിവാഹമോചിതരായ സ്ത്രീകൾ/യുദ്ധത്തിൽ അംഗവൈകല്യം സംഭവിച്ച വിമുക്ത ഭടൻമാർ എന്നിവർക്ക് പ്രവേശനത്തിന് മുൻഗണന നൽകുന്നു. എന്നാൽ 13.2.2013 ലെ സർക്കാർ ഉത്തരവിലൂടെ 30,000/-രൂപയിൽ കൂടുതൽ വാർഷിക വരുമാനമുള്ളവർക്ക് പ്രതിമാസം 800/- രൂ മെയിന്റനൻസ് ചാർജ്ജ് ആയി നിശ്ചയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.